# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1185 31.10.2019 ൽ മറുപടിക്ക്**

### ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ്ഹൗസ്

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന റസ്റ്റ്ഹൗസ് കെട്ടിടത്തിൽ അവകാശം ഉന്നയിച്ച് ഒരു സംഘടന കേരള ഹൈക്കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | WP(C)35830/2016 റിട്ട് പെറ്റീഷൻ 04/11/2019 തീയതിയിലേയ്ക്ക് വാദത്തിനായി വെച്ചിട്ടുണ്ട്. പുതുക്കിയ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരായ സർക്കാർ വക്കീലിന്റെ പേര് വ്യക്തമാക്കാമോ; ഉടമസ്ഥത പൊതുമരാമത്ത് വകുപ്പിനാണെന്നിരിക്കെ കെട്ടിടത്തിന്റെ നിയന്ത്രണം സ്വകാര്യ സംഘടനയ്ക്ക് അനുവദിയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കേസിൽ വകുപ്പിന് വേണ്ടി ഹാജരായത് സീനിയർ ഗവൺമെന്റ് പ്ലീഡറായ കെ.വി.മനോജ് കുമാർ ആണ്. 30/11/2016 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പരാതിക്കാരനും കൈയ്യേറ്റക്കാരിൽ ഒരാളുമായ ശ്രീ.എ.കെ.അരവിന്ദാക്ഷൻ എന്ന റിട്ടയേർഡ് പി.ഡബ്ല്യു.ഡി എഞ്ചിനീയറെ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ റിസീവറായി നിയമിക്കുകയുണ്ടായി. ടിയാൻ വരവ് ചെലവ് കണക്കുകൾ 31/12/2016 നു മുമ്പായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കണമെന്നും ഉത്തരവായിട്ടുണ്ട്. |
| (സി) | അവകാശം തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് 18/09/2016-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം പത്തനംതിട്ടയുടെ ഓഫീസിൽ നിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയ്ക്ക് നോട്ടീസ് നൽകുകയും തുടർന്ന് കൈയ്യേറ്റം ഒഴിയാത്തതിനാൽ |

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 29/10/2016 ലെ ഉത്തരവ് പ്രകാരം 31/10/2016 ൽ ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ലോക്ക് ചെയ്തു. ടി ഷെൽട്ടർ കമ്മിറ്റിയുടെ ആളുകൾ 13/11/2016 ടി കെട്ടിടത്തിന്റെ ലോക്ക് തല്ലിപ്പൊളിച്ചതിനാൽ അതുമായി ബന്ധപ്പെട്ട് പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റി സെക്രട്ടറി ഹൈക്കോടതിയിൽ WP(C)35830/2016 ഫയൽ ചെയ്യുകയും, 30/11/2016 ലെ ഇടക്കാല ഉത്തരവ് പ്രകാരം റിസീവറായി, വാദിയായ ശ്രീ.എ.കെ.അരവിന്ദാക്ഷനെ കോടതി നിയമിക്കുകയും ചെയ്തു. 03/04/2017 ൽ ടി വിധി തുടരാൻ ഇടക്കാല ഉത്തരവുണ്ടായി. കേസിൽ വാദം ഹൈക്കോടതിയിൽ ആരംഭിച്ചിട്ടുണ്ട്. വിശദമായ പുതിയ കൗണ്ടർ അഫിഡവിറ്റും സമർപ്പിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനൊപ്പം നിൽക്കാതെ കൈയ്യേറ്റക്കാരെ സഹായിക്കുന്ന തരത്തിൽ മൗനം പാലിക്കുന്നത് കൈയ്യേറ്റക്കാരന് ഗുണകരമായിട്ടുണ്ട്. ദശലക്ഷകണക്ക് രൂപയുള്ള സ്വത്ത് നിരവധി പതിറ്റാണ്ടുകളായി ചില വ്യക്തികൾ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് കൈവശം വച്ച് അനുഭവിക്കുന്നു. വലിയ വാടകകളാണ് ഈടാക്കുന്നത്. എങ്ങനെയാണ് ഈ അന്യായത്തിന് പിൻബലം കിട്ടുന്നത് എന്നത് പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**